**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2448** **12-12-2022 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും സ്ഥാനക്കയറ്റവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | 2019 ൽ സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കിയ ശമ്പള പരിഷ്കരണം സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (എ) | ഇല്ല. സപ്ലൈകോ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല. |
| (ബി) | സപ്ലൈകോയിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് തീരുമാനമെടുത്തിട്ടുണ്ടോ, എങ്കിൽ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഇല്ല. സപ്ലൈകോ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമ തീരുമാനം ആയിട്ടില്ല. |
| (സി) | സപ്ലൈകോയിൽ അന്യത്ര സേവന വ്യവസ്ഥയിൽ അഥവാ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ഉണ്ട്. സപ്ലൈകോയിൽ അന്യത്രസേവനവ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ വിവിധ സർക്കാർ വകുപ്പുകളിൽ നിന്നും വന്നവരാണ്. (സിവിൽ സപ്ലൈസ് വകുപ്പ്/ പോലീസ്/കൃഷി/നിയമം/I&PRD/SC/ST വകുപ്പ് മുതലായ വകുപ്പുകളിൽ നിന്നും).<br><br>സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം 01.07.2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് 10.02.2021 തീയതിയിലെ GO(P)No.27/2021/Fin പ്രകാരം സർക്കാർ ഉത്തരവായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവക്കാർ ശമ്പളപരിഷ്കരണത്തിന് സ്വയമേവ അർഹരായി. പ്രസ്തുത ഗവൺമെൻറ് ഉത്തരവ് ഖണ്ഡിക 35-ൽ ജീവനക്കാർക്ക് സംസ്ഥാന ശമ്പളസ്കെയിലുകളും ഡിഎ നിരക്കുകളും അനുവദിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ശമ്പളം പരിഷ്കരിക്കുന്നതിന് സർക്കാരിൽ നിന്നും അംഗീകാരം/അനുമതി നേടണമെന്ന് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ 02.03.2021-ൽ ചേർന്ന സപ്ലൈകോ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ശുപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ടി ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സർക്കാർ ഉത്തരവ് പ്രകാരം സപ്ലൈകോയിൽ വർഷാവർഷം 10% ഡെപ്യൂട്ടേഷൻ സേവനം കുറച്ച് കൊണ്ടുള്ള ഉത്തരവ് നിലവിൽ നടപ്പിലാക്കുന്നുണ്ടോ; മേൽ ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സപ്ലൈകൊയിലെ സ്ഥിരം ജീവനക്കാരിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-1, സീനിയർഅസിസ്റ്റന്റ്-2, ജൂനിയർ മാനേജർ എന്നീ തസ്തികകളിലേക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (ഡി) | ഉണ്ട്. 2019 മുതൽ ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ്-II തസ്തികകളിലെയും 2021 മുതൽ സീനിയർ അസിസ്റ്റന്റ്-I തസ്തികകളിലെയും അന്യത്രസേവനം കുറവ് ചെയ്യുന്നുണ്ട്.<br><br>സാമ്പത്തിക വർഷാടിസ്ഥാനത്തിൽ അല്ല അന്യത്രസേവനം കുറവ് ചെയ്യുന്നത്. കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ് അന്യത്രസേവനം കുറവ് ചെയ്യുന്നത്. 2022 വർഷത്തിൽ ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ്-II/സീനിയർ അസിസ്റ്റന്റ്-I തസ്തികകളിലെ അന്യത്രസേവനം കുറവ് ചെയ്തതിന്റെ ഫലമായുണ്ടായ ഒഴിവുകളിലേക്ക് യഥാക്രമം 36/30/40 ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം/പ്രമോഷൻ അനുവദിച്ചിട്ടുണ്ട്. ജൂനിയർ മാനേജർ തസ്തികകളിലെ അന്യത്രസേവനം കുറവ് ചെയ്ത സർക്കാർ ഉത്തരവായിട്ടില്ല. |
| (ഇ) | സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും ജൂനിയർ അസിസ്റ്റന്റ്, സീനിയർഅസിസ്റ്റന്റ്-1, സീനിയർഅസിസ്റ്റന്റ്-2 തസ്തികകളിൽ ജോലി ചെയ്യുന്നവരുണ്ടോ; വിശദമാക്കുമോ? | (ഇ) | ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു..<br><br>ജൂനിയർ അസിസ്റ്റന്റ് - 7<br><br>സീനിയർ അസിസ്റ്റന്റ് II - 23<br><br>സീനിയർ അസിസ്റ്റന്റ് I - 15 |

സെക്ഷൻ ഓഫീസർ